"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല - പ്രളയം 2018 - വീട് നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക്-പറപ്പൂക്കര വില്ലേജിലെ കോളങ്ങര രാമദേവൻ എന്ന വ്യക്തിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്- ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2324/2024/RD — തീയതി,തിരുവനന്തപുരം, 26-09-2024

പരാമർശം:-

1. സ.ഉ.(എം.എസ്) നം. 7/2018/DMD തീയതി 21/06/ 2018
2. സ.ഉ.(സാധാ) നം.527/2021/ഡി.എം.ഡി. തീയതി 05.10.2018
3. മുകുന്ദപുരം തഹസിൽദാരുടെ 8.2.2019, 7.6.2019 തീയതികളിലെ എച്ച് 1-12521/2019 നമ്പർ നമ്പർ നടപടിക്രമങ്ങൾ
4. മുകുന്ദപുരം തഹസിൽദാരുടെ 24.1.2019, 11.2.2019 തീയതികളിലെ എച്ച് 1-12521/2019 നമ്പർ നമ്പർ നടപടിക്രമങ്ങൾ
5. തൃശ്ശൂർ ജില്ല കളക്ടറുടെ DCTSR/4691/2024-A13 തീ. 15.6. 2024 നമ്പർ കത്ത്.

ഉത്തരവ്

2018 ലെ പ്രളയക്കെടുതികളുടെ ഭാഗമായി സംസ്ഥാനത്ത് നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. പൂർണ്ണമായും തകർന്നതോ വാസയോഗ്യം അല്ലാത്തതോ ആയ ഒരു വീടിന്, ദുരന്തബാധിതർ പുതുതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും, മൊത്തമായി 4 ലക്ഷം രൂപ ആശ്വാസധനസഹായം അനുവദിക്കുന്നതിന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള 95,100/- രൂപ ഗുണഭോക്താക്കളിൽ നിന്നുള്ള നിശ്ചിത അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, വീട് നിർമ്മാണത്തിനായി അനുവദിക്കേണ്ടതാണെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുകയുടെ 50%വീട് നിർമ്മാണത്തിന്റെ 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണത്തിന്റെ 75% പൂർത്തീകരിക്കുമ്പോഴും അനുവദിക്കേണ്ടതാണെന്നും സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

3) 2018 പ്രളയത്തിൽ വീടിന് പൂർണ്ണ നാശനഷ്ടം സംഭവിച്ച തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക്-പറപ്പൂക്കര വില്ലേജിലെ കോളങ്ങര രാമദേവൻ എന്ന വ്യക്തിക്ക് ഈ പദ്ധതി പ്രകാരം വീട് നിർമിക്കുന്നതിനുള്ള SDRF വിഹിതം 95,100/- രൂപ സൂചന(3) പ്രകാരവും ഈ പദ്ധതി പ്രകാരമുള്ള CMDRF വിഹിതത്തിന്റെ ഒന്ന്, രണ്ട് ഗഡുക്കൾ സൂചന(4) പ്രകാരവും അനുവദിച്ചിട്ടുള്ളതിനാലും ടിയാൻ വീട് പണിയുടെ മെയിൻ വാർപ്പ് വരെ പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ്

ഹാജരാക്കിയിട്ടുള്ളതിനാലും ടിയാന് വിതരണം ചെയ്യുന്നതിനായി CMDRF വിഹിതത്തിന്റെ മൂന്നാം ഗഡുവായ 1,25,900/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാകളക്ടർ സൂചന (5) മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2018 പ്രളയത്തിൽ വീടിന് പൂർണ്ണ നാശനഷ്ടം സംഭവിച്ച തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ ശ്രീ. രാമദേവൻ എന്ന വ്യക്തിക്ക് വിതരണം ചെയ്യുന്നതിനായി ഈ പദ്ധതി പ്രകാരം വീട് നിർമിക്കുന്നതിന് അനുവദിക്കുന്ന 4ലക്ഷം രൂപയിൽ സൂചന (4) പ്രകാരം അനുവദിച്ച CMDRF വിഹിതത്തിന്റെ ഒന്ന്,രണ്ട് ഗഡുക്കൾക്ക് പുറമെ CMDRF വിഹിതത്തിന്റെ മൂന്നാം ഗഡുവായ 1,25,900/- രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) വിതരണത്തിനാവശ്യമായി വരുന്ന 1,25,900/-രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ് ,വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂ (ഡി ആർ എഫ് - എ/സി) വകുപ്പ്
ദുരന്ത നിവാരണ (എ/ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 26-09-2024 14:51:11
സെക്ഷൻ ഓഫീസർ